**<u>തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ</u>**

**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

**<u>(ഹാജർ:- SUNIL KUMAR S)</u>**

നം. **DIC/3931/2025-EB1** തീയതി:- **27-02-2026**

വിഷയം:- വ്യവസായം - ജീവനക്കാര്യം - ശ്രീമതി. ലാലി എസ് ബാബുവിന്, കൊല്ലം താലൂക്ക് വ്യവസായ ഓഫീസിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് താത്കാലികമായി സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. **16/01/2026**-ലെ കൊല്ലം ഉപജില്ലാ വ്യവസായ ഓഫീസറുടെ **TIOKLM/93/2023-KT1**നമ്പർ നടപടിക്രമം.
2. **13/02/2026**-ലെ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ **DICKLM/1617/2025-K1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം**(1)** പ്രകാരം കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീമതി. അഞ്ജലി എം എസ്, **12/01/2026** മുതൽ **10/07/2026** വരെ മാതൃത്വ അവധിയിൽ പ്രവേശിച്ച വിവരം അറിയിച്ചിരുന്നു. കൊല്ലം താലൂക്ക് വ്യവസായ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി, പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീമതി. ലാലി എസ് ബാബു പരാമർശം**(2)** പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി അപേക്ഷയിലെ ശ്രീമതി. ലാലി എസ് ബാബുവിന്റെ അനുകമ്പാർഹമായ കാര്യങ്ങൾ പരിഗണിച്ചും, നിലവിലെ സ്ഥലംമാറ്റ ചട്ടങ്ങൾക്കു വിധേയമായും, ടിയാൾക്ക് കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലേക്ക് താത്കാലികമായി സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, പത്തനാപുരം താലൂക്ക് വ്യവസായ ഓഫീസിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീമതി. ലാലി എസ് ബാബുവിനെ, കൊല്ലം താലൂക്ക് വ്യവസായ ഓഫീസിലേക്ക്, ടി ഓഫീസിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ശ്രീമതി. അഞ്ജലി എം എസ്, മാതൃത്വ അവധിയിൽ പ്രവേശിച്ച കാലയളവിലേക്ക് **(12/01/2026** മുതൽ **10/07/2026** വരെ) താത്കാലികമായി സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി. അഞ്ജലി എം എസ്, മാതൃത്വ അവധി പൂർത്തിയാക്കി തിരികെ, കൊല്ലം താലൂക്ക് വ്യവസായ ഓഫീസിൽ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക്, ശ്രീമതി. ലാലി എസ് ബാബു, പത്തനാപുരം ഉപജില്ലാ വ്യവസായ ഓഫീസർ മുൻപാകെ ഹാജരായി ജോലിയിൽ പ്രവേശികേണ്ടതാണ്. ടി ഒഴിവിന്റെ കാലാവധി പരിമിതമായതിനാൽ, ഈ ഉത്തരവ് അടിയന്തിരമായി നടപ്പിൽ വരുത്തി, ടി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**SUNIL KUMAR S**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്:- ശ്രീമതി. ലാലി എസ് ബാബു, ക്ലാർക്ക്-ടൈപ്പിസ്റ്റ്.

പകർപ്പ് :-

1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം.
2. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, കൊല്ലം/പത്തനാപുരം.
3. അധിക പകർപ്പ്/സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Digitally signed by
K.R.Hiranmayi
Date: 27-02-2026
12:54:59